<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 866**</u> <u>**07-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**പിറവം നിയോജക മണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിറവം നിയോജക മണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്തതും സ്ഥലമില്ലാത്തതുമായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം തദ്ദേശസ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ സർക്കാരിന്റെ വീട്/സ്ഥലം ലഭിക്കുന്നതിനുള്ള ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത എത്ര കുടുംബങ്ങൾ നിലവിലുണ്ടെന്നും ഇവർക്ക് വീട് ,സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (ബി) | പിറവം മണ്ഡലത്തിൽ ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിൽ ഇല്ല. 2020 ലൈഫ് മിഷൻ ലിസ്റ്റിൽ വീട്/സ്ഥലം എന്നിവ ഇല്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ മുൻഗണനാടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു വരുന്നു.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം മലയാറ്റൂർ, ആവോലി, പുത്തൻകുരിശ് എന്നീ വില്ലേജുകളിലായി 6.72 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. ആയത് പ്ലോട്ടുകളായി തിരിക്കുന്നതിനായി മൂവാറ്റുപുഴ, ഫോർട്ട്കൊച്ചി, റവന്യൂ ഡിവിഷണൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പൂർത്തീകരിച്ച് അർഹരായ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, മറ്റുള്ളവരെ ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പിറവം നിയോജകമണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം**

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | പട്ടികജാതി വിഭാഗം | | പട്ടികവർഗ്ഗ വിഭാഗം | |
|---|---|---|---|---|---|
| | | ഭൂരഹിത ഭവനരഹിതർ | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ | ഭൂമിയുള്ള ഭവനരഹിതർ |
| 1 | ചോറ്റാനിക്കര | 14 | 41 | – | 2 |
| 2 | മണീട് | 4 | 25 | 1 | 2 |
| 3 | എടയ്ക്കാട്ടുവയൽ | 1 | 8 | – | – |
| 4 | ആമ്പല്ലൂർ | 6 | 30 | – | 2 |
| 5 | മുളന്തുരുത്തി | 10 | 21 | – | – |
| 6 | തിരുമാറാടി | 6 | 6 | – | – |
| 7 | രായമംഗലം | 6 | 6 | – | – |
| 8 | പിറവം | 11 | 11 | 2 | – |
| 9 | കൂത്താട്ടുകുളം | 9 | 9 | – | – |
| 10 | ഇലഞ്ഞി | 5 | 5 | – | – |
| 11 | പാമ്പാക്കുട | 6 | 6 | 2 | 2 |
| 12 | തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | 12 | 24 | – | 2 |
| **ആകെ** | | **90** | **192** | **5** | **10** |

**സെക്ഷൻ ഓഫീസർ**